Draft #1 of File 64383/AC A9-3/2022/AC A 9 Approved by ASSISTANT REGISTRAR III (ACADEMIC) on 06-May-2022 11:51 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

MOOC on Organic Farming ന്റെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശകൾ - സർവ്വകലാശാലാ ആക്റ്റ് 1985, അദ്ധ്യായം 3, വകുപ്പ് 10 (17) പ്രകാരം അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 9 സെക്ഷൻ**

നമ്പർ. 4721/AC A 9/2022/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 06.05.2022

---

*പരാമർശം:*-1.15 .03 .2022 തീയതിയിൽ ചേർന്ന MOOC on Organic Farming ന്റെ മോണിറ്ററിംഗ് കമ്മിറ്റിയുടെ മിനിറ്റ്സ്.

2.സർവ്വകലാശാലാ ആക്റ്റ് 1985,അദ്ധ്യായം 3, വകുപ്പ് 10 (17) പ്രകാരം 28 .04 .2022 തീയതിയിൽ ബഹു: വൈസ് ചാൻസലർ നൽകിയ ഉത്തരവ്.

**ഉത്തരവ്**

MOOC on Organic Farming ന്റെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് ചുവടെ പ്രസ്താവിച്ചിരിക്കുന്ന ശിപാർശകൾ നൽകിയിരുന്നു.

1.MOOC on Organic Farming ൻറെ പരീക്ഷ ഓൺലൈനായി നടത്തുക .പരീക്ഷയ്ക്ക് കോളേജുകളിൽ ലഭ്യമായ കമ്പ്യൂട്ടറുകളും വിദ്യാർത്ഥികളുടെ മൊബൈൽ ഫോണുകളും ഉപയോഗിക്കാവുന്നതാണ്.ഇന്റർനെറ്റിനായി കോളേജിലെ സൗകര്യമോ വിദ്യാർത്ഥികളുടെ മൊബൈൽ ഫോണുകളിലെ ഡാറ്റയോ ഉപയോഗിക്കാവുന്നതാണ്.കോളേജുകളിൽ ഇന്റർനെറ്റിന്റെയും ഒരേ സമയം ഉപയോഗിക്കാവുന്ന കമ്പ്യൂട്ടറുകളുടെയും ലഭ്യതയുടെ അടിസ്ഥാനത്തിൽ പരീക്ഷാക്രമീകരണം നടത്തേണ്ടതാണ് .

2.30 മിനിറ്റ് ദൈർഘ്യമുള്ള പരീക്ഷയ്ക്ക് 100 മാർക്കിനുള്ള 25 MCQ (Multiple Choice Questions) ചോദ്യങ്ങൾ ഉൾപ്പെടുത്തുന്നതിനും നെഗറ്റീവ് മാർക്ക് ഏർപ്പെടുത്തേണ്ടതില്ല എന്നും ശിപാർശ ചെയ്തു .

3.വിദ്യാർത്ഥികൾക്ക് A4 സൈസിൽ ഡിജിറ്റൽ സർട്ടിഫിക്കറ്റ് നൽകുവാനും ഗ്രേഡ് കാർഡ് വിവരങ്ങൾ സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തുവാനും ഇതിൽ വൈസ് ചാൻസലർ ഒപ്പ് വയ്ക്കുന്നതിനും ശിപാർശ ചെയ്തു.

4.അദ്ധ്യാപകരുടെ സർട്ടിഫിക്കറ്റിൽ MOOC ഡയറക്ടർ ഒപ്പ് വയ്ക്കുന്നതിനും ശിപാർശ ചെയ്തു

5.വിദ്യാർത്ഥികൾക്ക് ഓരോ പ്രൊജക്റ്റിനും അവസാന പരീക്ഷയ്ക്കും 35% മാർക്ക് വീതം പ്രത്യേകം ലഭിച്ചാൽ മാത്രമേ സർട്ടിഫിക്കറ്റ് ലഭിക്കുവാൻ അർഹതയുള്ളൂ എന്ന് ശിപാർശ നൽകി.

6.പ്രൊജക്റ്റിന് രണ്ടാമതൊരവസരം ഉണ്ടായിരിക്കുന്നതല്ല എന്നും അവസാന പരീക്ഷയിൽ 35% മാർക്ക് ലഭിക്കാത്തവർക്ക് ഒരു അവസരം കൂടി മാത്രം നൽകുവാനും എന്നിട്ടും 35 % മാർക്ക്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ലഭിച്ചില്ലെങ്കിൽ സർട്ടിഫിക്കറ്റിന് അർഹത ഉണ്ടായിരിക്കുന്നതല്ല എന്നും ശിപാർശ നൽകുകയുണ്ടായി .

മേൽ ശിപാർശകൾ സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10 (17) നൽകുന്ന അധികാരം ഉപയോഗിച്ച് പരാമർശം (2) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച് ത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

റേച്ചൽ കെ ഐ

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.എല്ലാ അഫിലിയേറ്റഡ് കോളേജുകൾക്കും
2.വി.സി /പി .വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3.രജിസ്ട്രാർ /പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ മാർ
4.ജെ ആർ II (ഭരണവിഭാഗം)/ഡി ആർ II/എ ആർ III (അക്കാദമിക് വിഭാഗം)
5 .ജെ ആർ I/ ഡി ആർ IV / എ ആർ XIV, XV, XIX , XXIII (പരീക്ഷാ വിഭാഗം )
6.പ്രൊഫ. (ഡോ.) സന്തോഷ് പി .തമ്പി ,MOOC കോ- ഓർഡിനേറ്റർ
7.എല്ലാ സി ബി സി എസ് എസ് സെക്ഷനുകൾക്കും
8 .CETEX / സിസ്റ്റം അഡ്മിനിസ്ട്രേറ്റർ
9 കണ്ടന്റ് മാനേജ്മെന്റ് /ഐ.ക്യൂ.എ.സി/ റെക്കോഡ്സ് സെക്ഷനുകൾ
10.സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി

File No.64383 /AC A 9-3/2022 /Ac A 9

Draft #1 of File 64383/AC A9-3/2022/AC A 9 Approved by ASSISTANT REGISTRAR III (ACADEMIC) on 06-May-2022 11:51 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം